"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി - ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തുന്ന സ്കൂളുകളിൽ 7 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ട നടപടി സ്വീകരിക്കുന്നതിനും പ്രവർത്തനങ്ങൾക്കും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

**സ.ഉ.(സാധാ) നം.836/2019/പൊ.വി.വ** തീയതി,തിരുവനന്തപുരം, 02/03/2019

---

പരാമർശം:- 1 07/11/2016ലെ സ.ഉ (പി)നം.186/2016/പൊ.വി.വ

2 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ പാര 192

3 31/03/2017ലെ സ.ഉ (സാധാ)നം.936/2017/പൊ.വി.വ

4 09/11/17ലെ സ.ഉ(സാധാ)നം.4260/2017/പൊ.വി.വ

5 12/12/17ലെ സ.ഉ(സാധാ)നം.4755/2017/പൊ.വി.വ

6 25/12/17ലെ സ.ഉ(സാധാ)നം.5001/2017/പൊ.വി.വ

7 29/12/17ലെ സ.ഉ(സാധാ)നം.5050/2017/പൊ.വി.വ

8 22/01/18ലെ സ.ഉ(സാധാ)നം.363/2018/പൊ.വി.വ

9 06/03/18ലെ സ.ഉ(സാധാ)നം.977/2018/പൊ.വി.വ

10 20/10/18ലെ സ.ഉ(സാധാ)നം.4278/2018/പൊ.വി.വ

11 24/12/18ലെ സ.ഉ(സാധാ)നം.5411/2018/പൊ.വി.വ

<u>ഉത്തരവ്</u>

പരാമർശം (1) പ്രകാരം നവകേരള ദൗത്യത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിനുള്ള രൂപ രേഖ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. പരാമർശം (3) ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ സ്കൂളുകളുടെ ശാസ്ത്രീയമായ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിന് അംഗീകൃത ഏജൻസിയായ കിറ്റ്കോയെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ പാര 192 പ്രകാരം പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് 217 സ്കൂളുകളെയും, പിന്നീട് 229 സ്കൂളുകളായി ഉയർത്തുന്നതിനും, കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ

കിറ്റ്കോ തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകളുടെയും വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം (3) മുതൽ (11) വരെയുള്ള ഉത്തരവുകൾ പ്രകാരം 213 സ്കൂളുകൾക്ക് ഭരണാനുമതി നൽകി കഴിഞ്ഞു.

2) 229 സ്കൂളുകളിലെ ചില സ്കൂളുകളുടെ കാര്യത്തിൽ അവ്യക്തത നിലനിൽക്കുന്നതിനാലും, രണ്ടിലും ഉൾപ്പെട്ട സ്കൂളുകൾ ഉണ്ടായിരുന്നതിനാലും ചില സ്കൂളുകകളുടെ ശാസ്ത്രീയമായ മാസ്റ്റർ പ്ലാനും വിശദമയാ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിന് അംഗീകൃത ഏജൻസിയായ കിറ്റ്കോയ്ക്ക് തയ്യാറാക്കാൻ സാധിച്ചില്ല. കൂടാതെ 2017-18ന്റെ ബഡ്ജറ്റ് പ്രസംഗത്തിന്റെ തുടർച്ചയായി 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരുന്നതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് 166 സ്കൂളുകൾക്ക് ഭരണാനുമതിയും നൽകി കഴിഞ്ഞു.

3) 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകാനുള്ള സ്കൂളുകളുടെ കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തുന്ന സ്കൂളുകളിൽ, ഇപ്പോൾ ശാസ്ത്രീയമായ മാസ്റ്റർപ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കിയിട്ടില്ലാത്തതുമായ താഴെപറയുന്ന 7 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകികൊണ്ടും, ഇവയെല്ലാം കിഫ്ബി മുഖേന സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിലേക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ കൈറ്റ് (KITE), കിറ്റ്കോ (KITCO) എന്നിവർ സ്വീകരിക്കേണ്ടതാണെന്നും അറിയിച്ച ഭരണാനുമതി നൽകികൊണ്ട് ഉത്തരവാകുന്നു.

1)കമലേശ്വരം ജി.എച്ച്.എസ്.എസ്
2)ഗവ.ഹൈസ്കൂൾ,കേരളപുരം
3)ഗവ.എച്ച്.എസ്.എസ് ചൊവ്വര
4)പൊൻമുണ്ടം ജി.എച്ച് എസ്.എസ്
5)നാരങ്ങാനം ഗവ.എച്ച് എസ്
6)ചിറക്കര ജി വി എച്ച് എസ്എസ്
7)പാലക്കാട് ജി.എം.എംഎച്ച്എസ്എസ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാന്**

**സെക്രട്ടറി**

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, KITE, പൂജപ്പുര, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, വഴുതക്കാട്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കിറ്റ്കോ, കൊച്ചി
എക്സിക്യൂട്ടീവ് വൈസ്ചെയർമാൻ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ഐ&പിആർഡി (വെബ്& ന്യൂ മീഡിയ)

File No.GEDN-M2/305/2017-G.EDN

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Namitha

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, വഴുതക്കാട്
എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ, KITE, പൂജപ്പുര, തിരുവനന്തപുരം
വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്